**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടിവെള്ള വിതരണം, മഴക്കാല പൂർവ്വ ശുചീകരണം, പകർച്ചവ്യാധി പ്രതിരോധം എന്നിവയ്ക്കായി കൈക്കൊള്ളേണ്ട തുടർ നടപടി - മാർഗ്ഗ നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(കൈ) നം.45/2019/തസ്വഭവ — തിരുവനന്തപുരം, തീയതി, 03/05/2019

---

**<u>ഉത്തരവ്</u>**

കുടിവെള്ള വിതരണം, മഴക്കാല പൂർവ്വ ശുചീകരണം, പകർച്ചവ്യാധി പ്രതിരോധം എന്നിവയുമായി ബന്ധപ്പെട്ട് സംസ്ഥാന തലത്തിൽ സ്വീകരിക്കേണ്ട തുടർ നടപടി സംബന്ധിച്ച് ചുവടെ ചേർത്തിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. മഴക്കാലത്തിനു മുന്നോടിയായി കുളങ്ങളും, നദികളും, തോടുകളും വൃത്തിയാക്കി ഒഴുക്ക് സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. മാലിന്യ സംസ്കരണത്തിനായി ജനവാസം ഇല്ലാത്ത സ്ഥലം കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും, ജില്ലാ കളക്ടർമാരെയും ചുമതലപ്പെടുത്തുന്നു.

3. മഴക്കാല പൂർവ്വ ശുചീകരണം, പകർച്ച വ്യാധി പ്രതിരോധം എന്നിവ സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പാക്കുന്നതിനായി, ഒരു പദ്ധതി രൂപരേഖ തയ്യാറാക്കി 2019 മെയ് 11, 12 തീയതികളിൽ സംസ്ഥാന വ്യാപകമായി ശുചീകരണ യജ്ഞം നടത്തേണ്ടതാണ്. ഇതിനായി 2019 മെയ് 3, 4 തീയതികളിൽ മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട എം.എൽ.എ മാർ, കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി ചെയർമാൻ/ചെയർപേഴ്സൺ, ജില്ല/ ബ്ലോക്ക്/ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ, ശുചിത്വ മിഷൻ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ഒരു യോഗം അതാത് ജില്ലാ കളക്ടർമാർ വിളിച്ചു ചേർക്കേണ്ടതാണ്.

4. ശുചീകരണ പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന ദേശീയ ആരോഗ്യ മിഷനും, ശുചിത്വ മിഷനും, തദ്ദേശ സ്ഥാപനങ്ങൾക്കും ആവശ്യമായ ഫണ്ടുകൾ അടിയന്തരമായി ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിക്കേണ്ടതാണ്.
5. മേൽ വിഷയങ്ങൾ ജില്ലാ കളക്ടർമാരുമായി വീഡിയോ കോൺഫറൻസ് വഴി ചർച്ച ചെയ്ത് നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.
6. ആരോഗ്യ ജാഗ്രത തുടർ പ്രവർത്തനങ്ങൾ ജില്ലാ തലത്തിൽ ഏകോപിപ്പിക്കുന്നതിന് താഴെപറയുന്ന മന്ത്രിമാർക്കും സെക്രട്ടറിമാർക്കും ചുമതല നൽകുന്നു.

| ജില്ല | മന്ത്രിമാരുടെ പേര് | സെക്രട്ടറിമാരുടെ പേര് |
|---|---|---|
| തിരുവനന്തപുരം | ശ്രീ.കടകംപള്ളി സുരേന്ദ്രൻ | ശ്രീ.കെ.ആർ.ജ്യോതിലാൽ |
| കൊല്ലം | ശ്രീമതി. ജെ.മേഴ്സിക്കുട്ടിയമ്മ | ഡോ. ഉഷാ ടൈറ്റസ് |
| പത്തനംതിട്ട | അഡ്വ.കെ.രാജു | ശ്രീ.വേണുഗോപാൽ |
| ആലപ്പുഴ | ശ്രീ.ജി.സുധാകരൻ,<br>ശ്രീ.പി.തിലോത്തമൻ,<br>ഡോ.ടി.എം.തോമസ് ഐസക് | ശ്രീ.കമല വർദ്ധന റാവു |

| | | |
|---|---|---|
| കോട്ടയം | ശ്രീ.പി.തിലോത്തമൻ | ശ്രീമതി. റാണി ജോർജ്ജ് |
| ഇടുക്കി | ശ്രീ.എം.എം.മണി | ഡോ.രാജൻ.എൻ ഖോബ്രഗഡെ |
| എറണാകുളം | പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീ.എം.ശിവശങ്കർ |
| തൃശ്ശൂർ | ശ്രീ.എ.സി.മൊയ്തീൻ<br>അഡ്വ.വി.എസ്.സുനിൽകുമാർ | ശ്രീ.ബിജുപ്രഭാകർ |
| പാലക്കാട് | ശ്രീ.എ.കെ.ബാലൻ<br>ശ്രീ.കെ.കൃഷ്ണൻകുട്ടി | ഡോ.ഇളങ്കോവൻ |
| മലപ്പുറം | ഡോ.കെ.ടി.ജലീൽ | ശ്രീമതി. മിനി ആന്റണി |
| കോഴിക്കോട് | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>ശ്രീ.എ.കെ.ശശീന്ദ്രൻ | ശ്രീ.കെ.എൻ.സതീഷ് |
| വയനാട് | ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി | ഡോ.വേണു.വി |
| കണ്ണൂർ | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ | ശ്രീഎ.ഷാജഹാൻ |
| കാസറഗോഡ് | ശ്രീ.ഇ.ചന്ദ്രശേഖരൻ | ശ്രീ.കെ.ഗോപാലകൃഷ്ണ ഭട്ട്. |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
കെ.ഗോപാലകൃഷ്ണ ഭട്ട് .ഐ.എ.എസ്
സെക്രട്ടറി

ബന്ധപ്പെട്ട സെക്രട്ടറിമാർക്ക്.
എല്ലാ ജില്ലാ കളക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം/എറണാകുളം/കോഴിക്കോട്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ത.സ്വ.ഭ.വ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / എൽ.ബി.എ &എ), കേരള, തിരുവനന്തപുരം.
ജലവിഭവ വകുപ്പ് /റവന്യൂ വകുപ്പ് / ധനകാര്യ വകുപ്പ് /കൃഷി വകുപ്പ്/പൊതുഭരണ (എസ്.സി) വകുപ്പ്
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
Renadev
സെക്ഷൻ ഓഫീസർ.